**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.813** **28.02.2018-ൽ മറുപടിക്ക്**

**സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, എം. നൗഷാദ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയെ ചുമതലപ്പെടുത്തികൊണ്ട് 28/10/2016 തീയതിയിലെ സ.ഉ(ആർ.റ്റി) 1334/2016/ തൊഴിൽ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സമിതി നടത്തിയ തെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ പുതുക്കിയ മിനിമം വേതന നിരക്കുകൾ ഉൾപ്പെടുത്തി 16.11.2017 തീയതിയിലെ ഇ 1/375/2017/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ടി പ്രാഥമിക വിജ്ഞാപനത്തിന്മേൽ വിവിധ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾ സമർപ്പിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്ക് കൈമാറിയിട്ടുണ്ട്. ആയത് പരിഗണിച്ചശേഷം മിനിമം വേതന ഉപദേശക സമിതി ലഭ്യമാക്കുന്ന അന്തിമ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ബലരാമൻ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നെന്നും | (ബി) നഴ്സുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട 19 മുതൽ 21 വരെയുള്ള ശിപാർശകൾ സർക്കാർ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ |

| | |
|---|---|
| ഇവയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന തൊഴിലാളി ചൂഷണം അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകളും അറിയിക്കാമോ; | പരിഗണനയ്ക്കായി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26.02.2016-ൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി സ്വകാര്യ ആശുപത്രി മേഖലയിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുവാൻ തീരുമാനിച്ചു. കൂടാതെ 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായ ഓവർടൈം അലവൻസും ജീവനക്കാർക്ക് വീട്ടിലെത്താൻ സൗകര്യമില്ലാത്തപക്ഷം ആശുപത്രികളിൽ റസ്റ്റ് റൂം ലഭ്യമാക്കുന്നതിനും ടി സമിതി തീരുമാനിച്ചിട്ടുണ്ട്.<br><br>അവധിയുമായി ബന്ധപ്പെട്ട 22-ാമത്തെ നിർദേശത്തിന്മേൽ ആശുപത്രി ജീവനക്കാർക്ക് നിയമാനുസൃതമായ അവധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.<br><br>സുരക്ഷാ നിർദ്ദേശങ്ങൾ സംബന്ധിച്ച 23-ാമത്തെ നിർദേശം നടപ്പിലാക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച 24-ാമത്തെ നിർദേശത്തിന്മേൽ വിശ്രമ മുറി, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറി, ഹോസ്റ്റൽ സൗകര്യം എന്നീ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>അടിസ്ഥാന വേതനം സംബന്ധിച്ച 25-ാമത്തെ നിർദ്ദേശത്തിന്മേൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും തുടർ നടപടി സർക്കാരിന്റെ പരിഗണനയിലുമാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിലൂടെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ് വരുത്തുന്നുണ്ട്.<br><br>വേതനം ബാങ്ക് വഴി വിതരണം ചെയ്യുന്നത് സംബന്ധിച്ച 26-ാമത്തെ നിർദേശത്തിന്മേൽ തൊഴിലാളികളുടെ വേതനം ബാങ്ക് വഴി |

വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും ഇതിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്.

നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ ഇ.എസ്.ഐ, ഇ.പി.എഫ് സംബന്ധിച്ച 27-ാമത്തെ നിർദേശത്തിന്മേൽ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് സ്ഥാപന പരിശോധന വേളയിൽ പരിശോധിക്കുകയും ആയത് സംബന്ധിച്ച അംഗത്വം എടുത്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ വിവരം അറിയിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് വിഭാഗം ജീവനക്കാർക്ക് മെഡിക്കൽ ബെനഫിറ്റ്സ്, ഇൻസെൻറീവ്/റിവാർഡ് എന്നിവ നൽകുന്നത് സംബന്ധിച്ച 28, 29 നിർദേശങ്ങളിന്മേൽ തീരുമാനമെടുത്തിട്ടില്ല.

നഴ്സിംഗ് ജീവനക്കാരെ ഒരു മാസത്തെ നോട്ടീസോടുകൂടി രാജി/വിടുതൽ ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച 30-ാമത്തെ നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

(സി) ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ച വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ;വിവിധ ആശുപത്രികളിൽ നഴ്സുമാർ നടത്തി വരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് വ്യവസായബന്ധ സമിതികൾ കാര്യക്ഷമമായി ഇടപെടാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

(സി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ട്. നഴ്സുമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങൾ പരിഹരിക്കുന്നതിന് വ്യവസായ ബന്ധസമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.